വാർത്താക്കുറിപ്പ്
**2026 ഒക്ടോബർ 28**

എം.ജി.യു.വിൽ എക്സിക്യൂട്ടീവ് ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ

പരമ്പരാഗത രീതിയിൽ ഉന്നതവിദ്യാഭ്യാസം നേടാനാവാത്തവർക്കും പ്രൊഫഷണലുകൾക്കുമായി മഹാത്മാഗാന്ധി സർവകലാശാലയിൽ എക്സിക്യൂട്ടീവ് ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ. സർവകലാശാലാ പഠനവകുപ്പായ ലൈഫ് ലോങ് ലേണിങ് ആൻഡ് എക്സ്റ്റൻഷനു കീഴിൽ നടക്കുന്ന കോഴ്സുകളുടെ 2026-27 അധ്യയന വർഷത്തേക്കുള്ള അഡ്മിഷന് ഇപ്പോൾ അപേക്ഷിക്കാം.

ബിരുദ പ്രോഗ്രാമുകൾ

ബി.എ. മലയാളം, ബി.എ. ഇംഗ്ലീഷ്, ബി.എ. അറബിക്, ബി.എ. ചരിത്രം, ബി.എ. സാമ്പത്തികശാസ്ത്രം, ബി.എ. പൊളിറ്റിക്കൽ സയൻസ്, ബി.എ. സോഷ്യോളജി, ബി.എ. ഫിലോസഫി, ബി.കോം. ഓണേഴ്സ് എന്നിവയാണ് ബിരുദ പ്രോഗ്രാമുകൾ.

ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ

എം.എ. മലയാളം, എം.എ. ഇംഗ്ലീഷ്, എം.എ. അറബിക്, എം.എ. ചരിത്രം, എം.എ. സാമ്പത്തികശാസ്ത്രം, എം.എ. പൊളിറ്റിക്കൽ സയൻസ്, എം.എ. സോഷ്യോളജി, എം.എ. ഫിലോസഫി, എം.കോം. എന്നിവയാണ് ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ.

അപേക്ഷിക്കേണ്ട വിധം

ഓൺലൈൻ അപേക്ഷാ നടപടികളും വിശദമായ മാർഗനിർദേശങ്ങളും cap.mgu.ac.in വെബ്സൈറ്റിൽ ലഭിക്കും. പിഴയില്ലാതെ ഡിസംബർ 28 വരെ അപേക്ഷിക്കാം. മഹാത്മാഗാന്ധി സർവകലാശാലയ്ക്കു പുറത്തുള്ള സർവകലാശാലകളിൽനിന്ന് യോഗ്യത നേടിയവർ മൈഗ്രേഷൻ സർട്ടിഫിക്കറ്റും ആവശ്യമായ സാഹചര്യത്തിൽ എലിജിബിലിറ്റി സർട്ടിഫിക്കറ്റും ഹാജരാക്കണം. assist.mgu.ac.in വഴി ഓൺലൈനായി ഇത് അപേക്ഷിക്കാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്: 0481 2733505 / dlle@mgu.ac.in.

പി. ആർ. ഒ./961/2026

പരീക്ഷാഫലം

രണ്ടാം സെമസ്റ്റർ എം.എ. ഹിന്ദി പ്രൈവറ്റ് രജിസ്ട്രേഷൻ (2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ് / 2020- 2023 അഡ്മിഷൻ സപ്ലിമെന്ററി / 2019 അഡ്മിഷൻ ഫസ്റ്റ് മേഴ്സി ചാൻസ്) മെയ് 2026 പരീക്ഷാഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 11 വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വിവരങ്ങൾ വെബ്സൈറ്റിൽ.

പി. ആർ. ഒ./961/2026

പരീക്ഷാതീയതി

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. ബി. എ / ബി. കോം പ്രൈവറ്റ് രജിസ്ട്രേഷൻ (2024 അഡ്മിഷൻ റെഗുലർ /2020 - 23 അഡ്മിഷൻസ് റീപ്പിയറൻസ് / 2017-19 അഡ്മിഷൻ മേഴ്സി ചാൻസുകൾ) ഒക്ടോബർ 2026 ബിരുദ പരീക്ഷകൾ നവംബർ 13ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.
—-----------
മൂന്നാം സെമസ്റ്റർ എം.ജി.യു - യു . ജി. പി ഓണേഴ്സ് ( ബി.ബി.എ / ബി.സി.എ / ബി.വോക്) 2025 അഡ്മിഷൻ റഗുലർ, മൂന്നാം സെമസ്റ്റർ എം.ജി.യു - യു. ജി. പി ഓണേഴ്സ് (ബി.ബി.എ /ബി.സി. എ) 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/റീപ്പിയറൻസ് ഒക്ടോബർ 2026 പരീക്ഷകളുടെ പരിഷ്കരിച്ച ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

പി. ആർ. ഒ./962/2026

പരീക്ഷക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ ബി.എഡ് ഡിഗ്രി (ക്രെഡിറ്റ് ആൻഡ് സെമെസ്റ്റർ - 2026 അഡ്മിഷൻ റെഗുലർ, 2024–2025 അഡ്മിഷൻസ് സപ്ലിമെന്ററി, 2021 - 2023 അഡ്മിഷൻസ് മേഴ്‌സി ചാൻസുകൾ) പരീക്ഷ നവംബർ 26ന് ആരംഭിക്കും. നവംബർ 9 വരെ ഫൈൻ കൂടാതെ അപേക്ഷിക്കാവുന്നതാണ്. ഫൈനോട് കൂടി നവംബർ 10 വരെയും സൂപ്പർഫൈനോടു കൂടി നവംബർ 11 വരെയും അപേക്ഷിക്കാം.

പി. ആർ. ഓ./963/2026

പബ്ലിക് റിലേഷൻസ് ഓഫീസർ